**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **12-02-2024 - ൽ മറുപടിയ്ക്ക്**

**ശ്രുതിതരംഗം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖലയിൽ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ശ്രവണ വൈകല്യം നേരിടുന്ന അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും സൗജന്യമായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതി മുഖാന്തരം ലഭിച്ച എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പുതിയ സർജറിക്കായി ലഭിച്ച 81 അപേക്ഷകൾ, അറ്റകുറ്റ പണികൾക്കായി ലഭിച്ച 455 അപേക്ഷകൾ, അപ്ഗ്രഡേഷനു ലഭിച്ച 117 അപേക്ഷകൾ എന്നിവയ്ക്ക് സംസ്ഥാന തലത്തിൽ അനുമതി നൽകുകയും, ഇതിൽ യഥാക്രമം 37 പേർക്ക് സർജറികൾ, 245 പേർക്ക് മെയിന്റനൻസ് & അക്സസറിസ് നൽകൽ, 8 പേർക്ക് പ്രോസസ്സർ അപ്ഗ്രഡേഷൻ എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയുടെ തുടർ പ്രവർത്തനങ്ങൾ എംപാനൽ ചെയ്ത ആശുപത്രികൾ മുഖേന ത്വരിത ഗതിയിൽ നടന്നുവരുന്നു. കുട്ടികൾക്കുള്ള സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നുണ്ട്. |
| (സി) | ആരോഗ്യ വകുപ്പിലെ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് ആരാണ്; അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | 2023- 2024 സാമ്പത്തിക വർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത് ആരോഗ്യ വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ്.<br><br>കേരള സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് ലഭ്യമാക്കുന്നത്.<br><br>പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ഭാഗമായി പദ്ധതിയിൽ അർഹരായ കുട്ടികളുടെ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കൈമാറിയിട്ടുണ്ട്. ഇത് കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ആവശ്യമായ ഐ.ഇ.സി പ്രവർത്തനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ചെയ്തു വരുന്നുണ്ട്. |
| (ഡി) | ശ്രുതിതരംഗം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രുതിതരംഗം പദ്ധതിയുടെ സേവനം സർക്കാർ/ സ്വകാര്യ മേഖലയിലുള്ള കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ